# കാലിക്കറ്റ് സർവകലാശാല
# (പരീക്ഷാഭവൻ)

No.71072/EG-I-SO/2024/PB Dated: 21.05.2024

**<u>വിജ്ഞാപനം</u>**

2021 -2022 അക്കാദമിക വർഷത്തിൽ കാലിക്കറ്റ് സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലും വിദൂരവിദ്യാഭ്യാസം/പ്രൈവറ്റ് രെജിസ്ട്രേഷൻ വഴിയും വിവിധ യു.ജി. കോഴ്സുകളിൽ (CBCSS) അഡ്മിഷൻ എടുത്തതും 2024 ൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതുമായ വിദ്യാർത്ഥികൾക്കുള്ള **ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്നതിനുള്ള** ഓൺലൈൻ രജിസ്ട്രേഷനുള്ള **ലിങ്ക് 22.05.2024 മുതൽ 31.05.2024 വരെ** സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ് .

**<u>ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്നതിന് രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ താഴെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>**

1. വിവിധ യു.ജി. കോഴ്സുകളിൽ 2021ൽ അഡ്മിഷൻ എടുക്കുകയും 2024 ൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതുമായ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രസ്തുത ചടങ്ങിൽ രജിസ്ട്രേഷനു അർഹത ഉണ്ടായിരിക്കുകയുള്ളൂ.
2. നിലവിൽ പുനർമൂല്യനിർണയത്തിന് അപേക്ഷിച്ച ഫലം കാത്തു നിൽക്കുന്നവരും കൂടാതെ പുനർ മൂല്യനിർണയത്തിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവരും പ്രസ്തുത ചടങ്ങിലേക്ക് രജിസ്ട്രേഷൻ ചെയ്യുവാൻ പാടുള്ളതല്ല.
3. കൂടാതെ ഇനി വരുന്ന പരീക്ഷകളിൽ ഇമ്പ്രൂവ്മെന്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികളും, ഏതെങ്കിലും വിഭാഗത്തിൽ ഗ്രേസ് മാർക്ക് ചേർക്കുവാൻ ബാക്കിയുള്ള വിദ്യാർത്ഥികളും ഈ ചടങ്ങിലേക്ക് രജിസ്ട്രേഷൻ നടത്തുവാൻ പാടുള്ളതല്ല.
4. ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിനുശേഷം, സർട്ടിഫിക്കറ്റുകൾ ഉടനടി തയ്യാറാക്കുന്ന രീതിയിലാണ് ക്രമീകരണങ്ങൾ ഒരുക്കുന്നത്. ഡിഗ്രി സർട്ടിഫിക്കറ്റുകൾ പ്രത്യേക സംവിധാനത്തിൽ വളരെ വേഗത്തിൽ തയ്യാറാക്കി നൽകുന്നതിനാൽ പ്രസ്തുത സേവനത്തിന് വിദ്യാർത്ഥികൾ **2000 /-രൂപ** ഫീസ് അടക്കേണ്ടതാണ്.
5. സർവ്വകലാശാലയുടെ ഔദ്യോഗിക ചടങ്ങിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള വിദ്യർത്ഥികൾ സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ലിങ്ക് വഴി (**https://www.uoc.ac.in ---> online certificate portal---> Degree Certificate ---> Graduation Ceremony**) യഥാസമയം രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്. **31.05.2024 നു ശേഷമുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.**
6. രജിസ്ട്രേഷൻ വിജയകരമായി പൂർത്തീകരിച്ചതിനു ശേഷം ലഭ്യമാകുന്ന ഫോമിന്റെ പകർപ്പ് യൂണിവേഴ്സിറ്റിയിലേക്ക് **അയക്കേണ്ടതില്ല.**

**<u>ബിരുദദാന ചടങ്ങിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്</u>**

- തീയതി : 2024 ജൂൺ അവസാന വാരം
- സ്ഥലം : വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയുടെ പരിധിയിൽ പെടുന്ന പരമാവധി 5 കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും.

രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം ചടങ്ങിന്റെ തിയ്യതി , സ്ഥലം , സമയം എന്നിവ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും,ആയത് SMS / Email മുഖേനെ ബന്ധപ്പെട്ട വിദ്യാർത്ഥികളെ അറിയിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് **0494 2407239 / 0494 2407200 / 0494 2407269** എന്ന നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്

Dr.Godwin Samraj D.P.
Controller Of Examinations

To :The Principals of all affiliated Colleges/ Director CDOE

Copy to : PS to VC/PA to PVC/PA to Registrar/ PA to CE / CE's Section / PRO /AR, Branch Heads of BA /BSc/ B.Com / EDE/ DR (CDOE)/Digital Wing/ SUVEGA.